P.R. No.142/2026 Thrissur, 29/07/2026

**പത്രക്കുറിപ്പ്**

## കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ 4 പദ്ധതികൾക്ക് വെള്ളിയാഴ്ച തുടക്കമാവും

***ആരോഗ്യ മന്ത്രി കെ. മുരളീധരൻ കേരളത്തിന്റെ ആദ്യ എം.എസ്.സി മെഡിക്കൽ ബയോഇൻഫർമാറ്റിക്സ് ഉൾപ്പെടെ നാല് പ്രധാന പദ്ധതികൾക്ക് തുടക്കം കുറിക്കും***

തൃശ്ശൂർ: കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ വികസനയാത്രക്ക് മുതൽക്കൂട്ടാവുന്ന നാല് പദ്ധതികൾക്ക് ജൂലൈ 31 ന് തുടക്കമാവും. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയും ആരോഗ്യശാസ്ത്ര സർവകലാശാല പ്രോ ചാൻസലറുമായ ബഹു:ശ്രീ കെ. മുരളീധരനാണ് വിവിധ അക്കാദമിക- സാങ്കേതിക-വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുക.

കേരളത്തിൽ ഇന്റർഡിസിപ്ലിനറി ആരോഗ്യവിദ്യാഭ്യാസത്തിന് പുതിയ ദിശാബോധം നൽകുന്ന എം.എസ്.സി മെഡിക്കൽ ബയോഇൻഫർമാറ്റിക്സ് കോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി നിർവഹിക്കും. കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ മുളങ്കുന്നത്തുകാവ് ആസ്ഥാനത്തുള്ള ക്യാമ്പസിൽ സ്ഥാപിതമായ സ്കൂൾ ഓഫ് ട്രാൻസ്ലേഷണൽ ഹെൽത്ത് സയൻസസിന് കീഴിലാണ് സർവകലാശാലയുടെ ആദ്യത്തെ ഓൺ ക്യാമ്പസ് പ്രോഗ്രാം പ്രവർത്തിക്കുന്നത്.

സ്ഥാപിതമായതുമുതൽ അഫിലിയേറ്റഡ് കോളേജുകളിലൂടെ ആരോഗ്യവിദ്യാഭ്യാസത്തിന് നേതൃത്വം നൽകിവരുന്ന കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ചരിത്രത്തിൽ, സർവകലാശാലയുടെ സ്വന്തം ക്യാമ്പസിൽ ആരംഭിക്കുന്ന ആദ്യ അക്കാദമിക് പ്രോഗ്രാം എന്ന പ്രത്യേകതയും ഈ കോഴ്സിനുണ്ട്. കൂടാതെ, കേരളത്തിൽ ആദ്യമായി ആരംഭിക്കുന്ന മെഡിക്കൽ ബയോഇൻഫർമാറ്റിക്സിലെ ബിരുദാനന്തര ബിരുദ (എം.എസ്.സി) പ്രോഗ്രാം കൂടിയാണിത്.

ഇതോടൊപ്പം സർവകലാശാലയുടെ മറ്റ് മൂന്ന് പ്രധാന പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്യും. നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിൻറെ സഹായത്തോടെ സർവകലാശാലാ ക്യാമ്പസിൽ ഒരുക്കിയ ഔഷധസസ്യ ഉദ്യാനം മന്ത്രി നാടിന് സമർപ്പിക്കും. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഈ ഉദ്യാനം പ്രയോജനപ്പെടും.

പൊതുജനാരോഗ്യ അവബോധം ശക്തിപ്പെടുത്തുന്നതിനായി ആരംഭിക്കുന്ന സർവകലാശാലയുടെ സമർപ്പിത യൂട്യൂബ് ചാനലിന്റെ സ്വിച്ച് ഓൺ കർമവും മന്ത്രി നിർവഹിക്കും. പൊതുജനങ്ങളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കുക എന്നതാണ് ചാനലിന്റെ ലക്ഷ്യം.

വിദ്യാർഥികൾക്ക് മാസ്റ്റർ ക്ലാസുകളും ഡിജിറ്റൽ പഠനസൗകര്യങ്ങളും ഒരുക്കുന്ന അത്യാധുനിക ഇ-ലേണിംഗ് സ്റ്റുഡിയോയുടെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും.

സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ അധ്യക്ഷത വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി. പി. വിജയൻ ചടങ്ങിന് സ്വാഗതം ആശംസിക്കും. രജിസ്ട്രാർ പ്രൊഫ. ഡോ. എസ്. ഗോപകുമാർ നന്ദി അർപ്പിക്കുന്ന ചടങ്ങിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. സുജനപാൽ പങ്കെടുക്കും.

Sd/-

Registrar